**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **07-07-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ അംഗ സമാശ്വാസ നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ അംഗ സമാശ്വാസ നിധി മുഖേന ചികിത്സാ ധനസഹായം ലഭിക്കുന്നതിന്റെ അർഹതാ മാനദണ്ഡവും അപേക്ഷയുടെ പകർപ്പും ലഭ്യമാക്കാമോ; | (എ) | അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം. സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം താഴെ പറയും പ്രകാരമാണ്.<br><br>**എ)** ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം.<br><br>മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള (അപേക്ഷാ ഫോറം അനുബന്ധമായി ചേർക്കുന്നു) അപേക്ഷകൻ താഴെ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br><br>1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.<br>2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. |

3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സ രേഖകൾ(ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ച്ചാർജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**ബി)** സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണ സമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

**സി)** സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

**ഡി)** അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ബഹു. സഹകരണ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവർ ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റി പരിശോധിച്ച് അന്തിമ തീരുമാനം എടുക്കുന്നതാണ്.

**ഇ)** ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/-(അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| | | | **എഫ്)** മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല. |
| (ബി) | ഈ നിധി മുഖേന 2021 മുതൽ നാളിതുവരെ എത്ര പേർക്ക് ചികിത്സാ സഹായം കൈമാറാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്; വിശദാംശം നൽകാമോ? | (ബി) | 2021 മുതൽ സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>21-06-2021 ൽ കൂടിയ ഹൈലെവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തിലെ 11,194 ഗുണഭോക്താക്കൾക്ക് 23,94,10,000/- (ഇരുപത്തിമൂന്ന് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയും 30-11-2021 ൽ കൂടിയ ഹൈലെവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം 11,060 ഗുണഭോക്താക്കൾക്ക് 22,93,50,000/- (ഇരുപത്തിരണ്ട് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ